**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 674** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ആദിവാസി കുടുംബങ്ങളെ ജനവാസമേഖലകളിലേക്ക് പുനരധിവസിപ്പിക്കുന്ന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോയി. കെ. പൗലോസ്
ശ്രീമതി ഉഷ വിജയൻ
ശ്രീ. എഫ്. രാജ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** വനത്തിനുള്ളിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ ജനവാസമേഖലകളിലേക്ക് സ്വമേധയാ പുനരധിവസിപ്പിക്കുന്നതിനു പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u> വനത്തിനുള്ളിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ ജനവാസമേഖലകളിലേക്ക് സ്വമേധയാ പുനരധിവസിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. വനമേഖലയിൽ താമസിക്കുന്ന കുടുംബങ്ങളുടെ ജീവനും താമസസ്ഥലത്തിനും ഭീഷണി നേരിടുന്ന പ്രത്യേക സാഹചര്യങ്ങളിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം തൃശ്ശൂർ ജില്ലയിൽ അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ അരേക്കാപ്പ്- വീരാൻ കുടി ഉന്നതികളിൽ സ്ഥിതി ചെയ്യുന്ന നിവാസികളെ മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ ഭീഷണി മൂലം കശുമാവിൻതോപ്പ് മാരാംകോട് ഉന്നതിയിലേക്കും, കാലവർഷക്കെടുതിയിൽ ഭൂമിയും വീടും നഷ്ടപ്പെട്ട ആനക്കയം പട്ടികവർഗ്ഗ മേഖലയിലെ കുടുംബങ്ങളെ പോത്തുപാറ ഉന്നതിയിലേക്കും പുനരധിവസിപ്പിച്ചിട്ടുണ്ട്.**

**(ബി)** പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ സേവനങ്ങളാണ് പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് നൽകുന്നതെന്നും പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് ഉപജീവനമാർഗങ്ങൾ ഉറപ്പാക്കാൻ സാധിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;

**<u>മറുപടി:</u> ബാധകമല്ല.**

**(സി)** പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ജീവനോപാധിയും കുട്ടികൾക്ക് വിദ്യാഭ്യാസവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u> ബാധകമല്ല.**

**സെക്ഷൻ ഓഫീസർ**